പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 251 04.02.2013 - ൽ മറുപടിയ്ക്ക്

**കെ. സുധാകരൻ എം. പി. പ്രതിയായിട്ടുണ്ടായിരുന്ന കൊലപാതക കേസുകളുടെ പുനരന്വേഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി കൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ. സുധാകരൻ എം. വി. പ്രതിയായിട്ടുണ്ടായിരുന്ന കൊലപാതക കേസുകൾ പുനരന്വേഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ സേവറി ഹോട്ടലിൽ കൊല്ലപ്പെട്ട നാണുവിന്റെ ഭാര്യ ഭാർഗ്ഗവിയും നല്പാടി വാസുവിന്റെ സഹോദരനും ആഭ്യന്തര വകുപ്പു മന്ത്രിയ്ക്ക് 18.12.2012 ൽ സമർപ്പിച്ച നിവേദനം പരിശോധിക്കുക ഉണ്ടായോ ; | (എ) & (ബി) | കണ്ണൂർ സേവറി ഹോട്ടലിൽ കൊല്ലപ്പെട്ട നാണുവിന്റെ ഭാര്യ ശ്രീമതി ഭാർഗ്ഗവി കേസ് പുനരന്വേഷിക്കണം എന്നാവശ്യപ്പെട്ട് 18.12.2012 ൽ ബഹു ആഭ്യന്തര വകുപ്പു മന്ത്രിക്ക് സമർപ്പിച്ച പരാതി, സർക്കാരിൽ 10.01.2013ൽ ലഭ്യമായിട്ടുള്ളതും ആയത് റിപ്പോർട്ടിനായി കണ്ണൂർ ജില്ലാ പൊലീസ് മേധാവിയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാണ്. പ്രസ്തുത പരാതിയിൻമേലുള്ള റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br>നൽ**പാടി** വാസു വധക്കേസ് പുനരന്വേഷണം നടത്തണം എന്നാവശ്യപ്പെട്ട് സഹോദരൻ നൽപ്പാടി രാജൻ 14.6.2012 ൽ ബഹു ആഭ്യന്തര വകുപ്പ് മന്ത്രിക്ക് നൽകിയ പരാതി അന്വേഷിച്ച് ടി കേസിൽ പുനരന്വേഷണത്തിന് സാധ്യതയില്ല എന്ന് കണ്ണൂർ ജില്ലാ പൊലീസ് |

മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരന് മറുപടി നൽകിയിട്ടുള്ളതുമാണ്.

(ബി) ഹർജിയിലെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സെക്ഷൻ ഓഫീസർ